## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2785 — 27.01.2014 -ലെ മറുപടിക്ക്

### സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽനിന്ന് നിരവധി സ്വകാര്യ ആശുപത്രികൾ പിൻവലിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്താണിതിന് കാരണമെന്ന് വിശദമാക്കാമോ ; | എ) ഉണ്ട്. ചില സ്വകാര്യ ആശുപത്രികൾ ചികിത്സക്കായി സർക്കാർ നിശ്ചയിച്ച പാക്കേജ് റേറ്റ് കുറവാണെന്ന് കാണിച്ചുകൊണ്ട് പദ്ധതിയുമായി സഹകരിക്കുവാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇൻഷ്വറൻസ് കമ്പനി അംഗീകരിച്ച ക്ലെയിം തുകപോലും കുടിശ്ശിക യായിരിക്കുന്നത് മനസ്സിലാക്കിയിട്ടുണ്ടോ ; | ബി) അംഗീകരിച്ച ക്ലെയിമുൾ അടിയന്തിരമായി ആശുപത്രികൾക്ക് നല്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും ക്ലെയിമുകളുടെ വിവരം സംബന്ധിച്ച അവലോകനം ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടത്താറുണ്ട്. |
| (സി) വിവിധ ചികിത്സകൾക്ക് അനുവദനീയമായ തുക കാലാനുസൃതമായി ഉയർത്താത്തത് നിർദ്ധനരായ രോഗികൾക്ക് ചികിത്സ നിഷേധിക്കാൻ കാരണമാകു ന്നുണ്ടെന്ന് അറിയാമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | സി) ഇല്ല. പാക്കേജ് റേറ്റിന്റെ അടിസ്ഥാനത്തിലും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട നിരക്കുകളുടെ അടിസ്ഥാനത്തിലുമാണ് ആശുപത്രികൾ ചികിത്സ നല്കുന്നത്. ഇതു സംബന്ധിച്ച ധാരണാപത്രം ആശുപത്രികളുമായി ഒപ്പുവച്ചിട്ടുണ്ട്. അടുത്ത ടെൻഡർ വിളിക്കുന്ന സമയത്ത് റേറ്റ് റിവൈസ് ചെയ്യുന്നകാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) ഈ വിഷയത്തിൽ റിലയൻസ് ഇൻഷ്വറൻസ് കമ്പനിയെക്കുറിച്ച് ഉയരുന്ന ആക്ഷേപങ്ങൾ സമഗ്രമായി പരിശോധിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ ? | ഡി) സംസ്ഥാന സർക്കാർ നിയമിച്ച വിദഗ്ധ സമിതി നിർണ്ണയിച്ച പാക്കേജ് റേറ്റ് ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്കും മെഡിക്കൽ മാനേജ്മെന്റ് |

| | |
|---|---|
| | കേസ്സുകൾക്കും നിലവിലുണ്ട്. മേൽ പാക്കേജ് റേറ്റ് അംഗീകരിക്കുന്ന ഇൻഷ്വറൻസ് കമ്പനിക്കുമാത്രമേ പദ്ധതി നടത്തിപ്പിനുള്ള ചുമതല നല്കുകയുള്ളൂ. ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട പാക്കേജ് റേറ്റിൽ വ്യത്യാസം വരുത്താൻ ഇൻഷ്വറൻസ് കമ്പനിക്ക് അധികാരമില്ല.<br><br>സെക്ഷൻ ഓഫീസർ |